നം. സി.ഇ.ഇ/1717/2010/കെ.ഇ.എ.എം-2011/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് - 2011

കേരളത്തിലെ 5 സർക്കാർ മെഡിക്കൽ കോളേജുകളിലെ 2011-'12 വർഷത്തെ എം.ബി.ബി.എസ്. കോഴ്സിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **ജൂലൈ മാസം 11-ാം തീയതി, തിങ്കളാഴ്ച** ആരംഭിക്കുന്നതാണ്.

**2011 ജൂലായ് 11-ാം തീയതി മുതൽ 17-ാം തീയതി വൈകുന്നേരം 3 മണി വരെ** മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള (ജനറൽ: 50%, SC/ST/SEBC: 40% മാർക്ക് നേടിയ) വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in/keam2011** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും (OFC) ഹെൽപ്പ് ഡസ്കുകളും (HD)** സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 11.07.2011 | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം സജ്ജമാകുന്നു |
| 15.07.2011 | ട്രയൽ അലോട്ടുമെന്റ് |
| 17.07.2011 (3 pm) | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു |
| 21.07.2011 | ആദ്യ അലോട്ടുമെന്റ് |
| 22.07.2011 മുതൽ 25.07.2011 വരെ | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ പണമടയ്ക്കണം |
| 26.07.2011 മുതൽ 28.07.2011 വരെ | അലോട്ടുമെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |

**സർക്കാർ മെഡിക്കൽ കോളേജുകൾ:**

| നം. | കോളേജ് | കോളേജ് കോഡ് | സീറ്റ് |
|---|---|---|---|
| 1 | റ്റി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ | ALP | 150 |
| 2 | ഗവണ്മെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട് | KKM | 250 |
| 3 | ഗവണ്മെന്റ് മെഡിക്കൽ കോളേജ്, കോട്ടയം | KTM | 150 |
| 4 | ഗവണ്മെന്റ് മെഡിക്കൽ കോളേജ്, തൃശൂർ | TCM | 150 |
| 5 | ഗവണ്മെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം | TVM | 200 |

**<u>നിർദ്ദേശാനുസൃത സംവരണം</u>** : അഖിലേന്ത്യാ ക്വോട്ട, ഇന്ത്യാ ഗവണ്മെന്റ് നോമിനികൾ, പ്രത്യേക സംവരണം, ശാരീരിക വൈകല്യമുള്ളവർ, എന്നിവർക്കായി നീക്കിവച്ച സീറ്റുകൾ ഒഴികെ അവശേഷിക്കുന്ന സീറ്റുകൾ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള 2.5.1966-ലെ G.O.(P)208/66/Edn. ഉത്തരവിലെയും 06.10.2008-ലെ G.O.(Ms)No.95/08/SCSTDD ഉത്തരവിലേയും തത്വങ്ങൾക്കനുസൃതമായി വിതരണം ചെയ്യുന്നതാണ്. നിർദ്ദേശാനുസൃത സംവരണം ഇപ്രകാരമാണ്. (ശതമാന കണക്കിൽ)

| | | | | | |
|---|---|---|---|---|---|
| **(A)** | **സ്റ്റേറ്റ് മെരിറ്റ് (SM)** | | **-** | | **64%** |
| **(B)** | **സാമൂഹികമായും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (SEBC)** | | **-** | | **26%** |
| | (a) | ഈഴവ (EZ) | - | 9% | |
| | (b) | മുസ്ലീം (MU) | - | 8% | |
| | (c) | മറ്റു പിന്നോക്ക ഹിന്ദു (BH) | - | 5% | |
| | (d) | ആംഗ്ലോ ഇന്ത്യൻ ഒഴികെയുള്ള ലത്തീൻ കത്തോലിക്കർ (LC) | - | 2% | |
| | (e) | മറ്റു പിന്നോക്ക ക്രിസ്ത്യൻ (BX) | - | 1% | |
| | (f) | കുഡുംബി (KU) | - | 1% | |
| **(C)** | **പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും (SC/ST)** | | **-** | | **10%** |
| | (a) | പട്ടികജാതി (SC) | - | 8% | |
| | (b) | പട്ടികവർഗ്ഗം (ST) | - | 2% | |

**<u>ഫീസ്:</u>** സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിന് വാർഷിക ഫീസ് **25,000/-** രൂപയായിരിക്കും. 21.07.2011 ൽ പ്രസിദ്ധീകരിക്കുന്ന ഒന്നാംഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ നിശ്ചിത തീയതിക്കകം ഫീസൊടുക്കി അലോട്ടുമെന്റ് ഉറപ്പാക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം.(എം.എസ്.)25/2005/SCSTDD, തീയതി:20.06.2005 അനുസരിച്ച് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും കോഷൻ ഡെപ്പോസിറ്റായ **100 രൂപ** അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്.

അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് പ്രോസ്പെക്ടസിലെ ക്ലോസ് 6.2 പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത നേടിയിരിക്കണം.

മറ്റു കോഴ്സുകളായ ഡെന്റൽ, ആയുർവ്വേദ, ഹോമിയോ, എഞ്ചിനീയറിംഗ്, കേരളാ കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കോഴ്സുകൾ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോഴ്സുകൾ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസിന് കീഴിലുള്ള കോഴ്സുകൾ എന്നിവയിലേക്കുള്ള അലോട്ടുമെന്റ് വരും ഘട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്.

സ്വാശ്രയ കോളേജുകളിലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള അലോട്ടുമെന്റ് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വരുംഘട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ : 0471- 2339101, 2339102, 2339103, 2339104**

(രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ)

തിരുവനന്തപുരം
10.07.2011

**പ്രവേശന പരീക്ഷാ കമ്മീഷണർ**